"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

പൊതുവിദ്യാഭ്യാസം - കൊല്ലം പത്തനാപുരം മാലൂർ എം.ടി.ഡി.എം.എച്ച്.എസ്.എസ്-ലെ എച്ച്.എസ്.എസ്.ടി(കമ്പ്യൂട്ടർ ആപ്ലിക്കേഷൻ)ശ്രീ.ബിജി ജോർജ് ഫിലിപ്പ് ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്ത **WP(C)No.35782/2024** കേസിൽ ബഹു.ഹൈക്കോടതി പുറപ്പെടുവിച്ച **14.10.2024** ലെ വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്

സ.ഉ.(സാധാ) നം.4256/2025/GEDN തീയതി,തിരുവനന്തപുരം, 27-06-2025

---

പരാമർശം:-

1. ശ്രീ.ബിജി ജോർജ് ഫിലിപ്പ് **22.08.2024** തീയതിയിൽ സമർപ്പിച്ച ഹർജി
2. ശ്രീ.ബിജി ജോർജ് ഫിലിപ്പ് ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്ത **WP(C)No.35782/2024** കേസിൽ ബഹു.ഹൈക്കോടതി പുറപ്പെടുവിച്ച **14.10.2024** ലെ വിധിന്യായം
3. റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറുടെ **12.01.2025** ലെ **RDDHSE/TVM/16/2025-TRO-5** നമ്പർ കത്ത്
4. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ **15.01.2025** ലെ എസിഡി ബി**3/22005/2024/**എച്ച്.എസ്.ഇ നമ്പർ കത്ത്
5. സ.ഉ(അച്ചടി)നം.**25/2025/**ധന തീയതി.**15.03.2025**

<u>ഉത്തരവ്</u>

കൊല്ലം പത്തനാപുരം മാലൂർ എം.ടി.ഡി.എം.എച്ച്.എസ്.എസ് -ലെ എച്ച്.എസ്.എസ്.ടി(കമ്പ്യൂട്ടർ ആപ്ലിക്കേഷൻ) ശ്രീ. ബിജി ജോർജ് ഫിലിപ്പ് ഫയൽ ചെയ്ത **WP(C)No. 35782/2024**-ന്മേൽ ബഹു. ഹൈക്കോടതി **14.10.2024** തീയതിയിൽ പുറപ്പെടുവിച്ച വിധിന്യായത്തിൽ ഹർജിക്കാരനെയും അഞ്ചാം എതിർകക്ഷിയായ മാനേജരെയും കേട്ടശേഷം, **EXT P5** മുതൽ **EXT P7** കൂടി

പരിഗണിച്ച് **EXT P8 (Representation dated 22.08.2024)** പരിശോധിച്ച് തീരുമാനം കൈക്കൊള്ളുന്നതിന് ഒന്നാം എതിർകക്ഷിയായ പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട കക്ഷികളെ **15.01.2025** തീയതിയിൽ സൂം മീറ്റ് മുഖേന കേൾക്കുകയുണ്ടായി.

**2.** ഹർജിക്കാരന്റെയും മാനേജരുടെയും പൊതുവായ വാദങ്ങൾ ചുവടെ കൊടുക്കുന്നു :

**(i)** ടി സ്കൂളിൽ **26.08.2002**-ന് ഹർജിക്കാരൻ **HSST Jr (Computer Application)** ആയി നിയമിക്കപ്പെടുകയും അംഗീകാരം ലഭിക്കുകയും ചെയ്തു.

**(ii) 2010**-ൽ **8** വർഷത്തെ ഹയർ ഗ്രേഡും **15** വർഷം പൂർത്തീകരിച്ചതിന്റെ അടിസ്ഥാനത്തിൽ **26.08.2017** മുതൽ ടിയാന് സെലക്ഷൻ ഗ്രേഡ് ലഭിക്കുകയും **40500-85700** ശമ്പളസ്കെയിലിൽ **01.09.2017** മുതൽ **52800** രൂപയായി നിശ്ചയിക്കുകയും ചെയ്തു.

**(iii)** പൊത്തുകൽ കത്തോലിക്കേറ്റ് **HSS**-ൽ **HSST (Computer Application)** തസ്തികയിൽ ഉണ്ടായ ഒഴിവിൽ ഹർജിക്കാരനെ **28.02.2018** മുതൽ തസ്തികമാറ്റം വഴി നിയമിക്കുകയും **39500-83000** ശമ്പളസ്കെയിലിൽ നിയമിക്കുകയും അംഗീകാരം ലഭിക്കുകയും ചെയ്തു.

**(iv) 40500-85700** ശമ്പളസ്കെയിലിൽ **HSST Jr** സെലക്ഷൻ ഗ്രേഡ് ആയി ജോലി ചെയ്യുമ്പോഴാണ് **28.02.2010**-ൽ **39500-83000** ശമ്പളസ്കെയിലിൽ ഹർജിക്കാരന് **HSST** ആയി തസ്തികമാറ്റം വഴി സ്ഥാനക്കയറ്റം ലഭിക്കുന്നത്.

**(v)** താഴ്ന്ന തസ്തികയിൽ **40500-85700** സ്കെയിലിൽ ടിയാൻ വാങ്ങിയ **52800** രൂപ ഉയർന്ന തസ്തികയുടെ **39500-83000** സ്കെയിലിലും നിലനിർത്തിയതിനാൽ ടിയാന് ഫിക്സേഷൻ ആനുകൂല്യങ്ങൾ ലഭിച്ചിട്ടില്ല.

**(vi) HSST Jr** തസ്തികയിൽ ഇൻക്രിമെന്റ് തീയതി **01.08.2018** ആയതിനാൽ ടി തീയതി മുതൽ വാർഷിക ഇൻക്രിമെന്റ് നൽകി ശമ്പളം **54000** ആയി നിശ്ചയിച്ചു.

**(vii)** എന്നാൽ **HSST** തസ്തികയിലെ ഇൻക്രിമെന്റ് തീയതിയി **01.02.2019**-ലേക്ക് മാറ്റുകയുണ്ടായി.

**(viii)** താഴ്ന്ന തസ്തികയിൽ നിന്നും ഉയർന്ന തസ്തികയിലേക്ക് നിയമനം ലഭിക്കുകയും താഴ്ന്ന തസ്തികയിലെ വേതനത്തെക്കാൾ കുറവ് വേതനം ലഭിക്കുകയും ചെയ്താൽ **KSR Part 1 Rule 37 B** പ്രകാരം **Refixation** അനുവദനീയമല്ല എന്നത് നീതിക്ക് നിരക്കാത്തതാണ്.

(ix) പ്രൊമോഷൻ തസ്തികയിലെ ശമ്പളസ്കെയിൽ താഴ്ന്നതാണെങ്കിലും താഴ്ന്ന തസ്തികയിൽ നിന്ന് ശമ്പളമാറ്റം വരുമ്പോൾ ഒരു notional ഇൻക്രിമെന്റ് നൽകി ശമ്പളം പുനർനിർണയിച്ചു നൽകണമെന്ന WP(C)No.14753/2020-ന്റെ 11.11.2020-ലെ വിധിന്യായത്തിനെതിരെ സർക്കാർ ഫയൽ ചെയ്ത WA 1556/2021 തീയതി 13.12.2021 വിധിന്യായപ്രകാരം ബഹു. ഹൈക്കോടതി നിരസിച്ചിരുന്നു.

(x) ഹർജിക്കാരന്റേതിനു സമാനമായ കേസിൽ G.O.(Rt)No. 5846/2024/GEDN dated 09.09.2024 പ്രകാരം ഇൻക്രിമെന്റ് തീയതി സംരക്ഷിച്ചു നൽകി ഉത്തരവായിട്ടുണ്ട്. G.O.(Rt)No.8037/2024/GEDN dated 12.11.2024, G.O.(Rt)No. 8052/2024/GEDN dated 13.11.2024, G.O.(Rt)No.8063/2024/GEDN dated 14.11.2024 എന്നിവ സമാന സാഹചര്യത്തിൽ പുറപ്പെടുവിച്ചിട്ടുള്ള സർക്കാർ ഉത്തരവുകൾ ആണ്.

(xi) ഹർജിക്കാരന്റെ ശമ്പളം 01.08.2018 മുതൽ 54000 രൂപയായും തുടർന്നുള്ള വാർഷിക ഇൻക്രിമെന്റ് നൽകിയും തുടർന്നുള്ള 2019 പേ റിവിഷൻ ആനുകൂല്യങ്ങൾ നൽകിയും ഉത്തരവാകണമെന്ന് ഹർജിക്കാരൻ അഭ്യർത്ഥിക്കുന്നു.

3. ടി സ്കൂളിലെ എച്ച്.എസ്.എസ്.ടി. ജൂനിയർ (കമ്പ്യൂട്ടർ ആപ്ലിക്കേഷൻ) തസ്തികയിൽ 26.08.2002-ൽ ജോലിയിൽ പ്രവേശിച്ച ഹർജിക്കാരന് 26.08.2010-ൽ 8 വർഷത്തെ ഹയർ ഗ്രേഡും 26.08.2017-ൽ 15 വർഷത്തെ ഹയർ ഗ്രേഡും നൽകിയിരുന്നുവെന്നും, ടി തസ്തികയിൽ 40500-85700 സ്കെയിലിൽ അടിസ്ഥാനശമ്പളം 52800/- വാങ്ങി വരവെ 28.02.2018-ൽ HSST (Computer Application) ആയി ബൈട്രാൻസ്ഫർ നിയമനം നൽകിയതിനാൽ KSR Part I Rule 37(b) പ്രകാരം HSST Jr തസ്തികയിൽ വാങ്ങിയ അടിസ്ഥാനശമ്പളമായ 52800/- സംരക്ഷിച്ച് നൽകിയെന്നും, അടുത്ത ഇൻക്രിമെന്റ് HSST ആയി പ്രൊമോഷൻ ലഭിച്ച തീയതി മുതൽ ഒരു വർഷം പൂർത്തിയാകുന്ന 01.02.2019-ന് അനുവദിച്ചുവെന്നും, ടിയാന്റെ ആവശ്യം HSST Jr തസ്തികയിലെ ഇൻക്രിമെന്റ് തീയതിയായ 01.08.2018 സംരക്ഷിച്ചു നൽകണമെന്നതാണെന്നും മേഖലാ ഉപമേധാവി റിപ്പോർട്ട് ചെയ്യുന്നു.

4.സർക്കാർ ഇക്കാര്യം ഹിയറിങ്ങ് സമയത്തെ വാദം, കേരള വിദ്യാഭ്യാസ ചട്ടങ്ങൾ, സർക്കാർ ഉത്തരവുകൾ ,ഹാജരാക്കപ്പെട്ട രേഖകൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു.പരാമർശം(5) പ്രകാരം ഉയർന്ന ശമ്പള സ്കെയിലിൽ നിന്നും താഴ്ന്ന ശമ്പള സ്കെയിലിലേക്ക് നിയമനം ലഭിക്കുമ്പോൾ റീ ഫിക്സേഷൻ അനുവദിക്കാൻ കഴിയുന്ന താഴ്ന്ന സ്കെയിൽ ഇല്ലാത്തതിനാൽ റീഫിക്സേഷൻ അനുവദിക്കില്ലെന്നു ഉത്തരവായിട്ടുണ്ട്. മേൽ സാഹചര്യത്തിൽ , ഹർ ജിക്കാരന്റെ എച്ച്.എസ്.എസ്.ടി(ജൂനിയർ) തസ്തികയിലെ

ഇൻക്രിമെന്റ് തീയതിയായ **01.08.2018** എച്ച്.എസ്.എസ്.ടി. തസ്തികയിൽ സംരക്ഷിച്ചു നൽകണമെന്ന ആവശ്യം നിരസിച്ചു **EXT P8** റിവിഷൻ പെറ്റീഷൻ തീർപ്പാക്കി അപ്രകാരം, ശ്രീ. ബിജി ജോർജ് ഫിലിപ്പ് ഫയൽ ചെയ്ത **WP(C)No. 35782/2024**-ന്മേൽ ബഹു. ഹൈക്കോടതി **14.10.2024** തീയതിയിൽ പുറപ്പെടുവിച്ച വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

M RATHEESH

അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖ കത്ത് സഹിതം)
അക്കൗണ്ടന്റ് ജനറൽ (എആൻറ് ഇ/ആഡിറ്റ്), തിരുവനന്തപുരം
പൊതുവിദ്യാഭ്യാസ (ഹയർ സെക്കന്ററി വിഭാഗം) ഡയറക്ടർ, തിരുവനന്തപുരം
റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം
ശ്രീ. ബിജി ജോർജ് ഫിലിപ്പ്,എച്ച്.എസ്.എസ്.ടി (കമ്പ്യൂട്ടർ ആപ്ലിക്കേഷൻ), എം.ടി.ഡി.എം എച്ച്.എസ്.എസ്, മാലൂർ, പത്തനാപുരം, കൊല്ലം
ധനകാര്യ വകുപ്പ് **(E:3142609/EDN-B1/182/2025-FIN dtd,16.06.2025)**
വിവര പൊതുജന സമ്പർക്ക (വെബ്ആന്റ്ന്യൂമീഡിയ) വകുപ്പ് (പ്രസിദ്ധീകരണത്തിനായി )
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Shahnakumari B L
സെക്ഷൻ ഓഫീസർ
Date: 30-06-2025 10:34:21